ഭക്ഷ്യ പൊതുവിതരണ
ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ്

# 1 ജനപ്രിയ പ്രവർത്തനങ്ങളുടെ സഫലവർഷം



# അറിയൂ
# ഈ നല്ല മാറ്റങ്ങൾ

- പുതിയ ഉപഭോക്തൃ നിയമം – 2019, 2020 ജൂലൈ 20 മുതൽ പ്രാബല്യത്തിൽ വന്നു
- 5 ലക്ഷം രൂപ വരെയുള്ള പരാതികൾ സമർപ്പിക്കുന്നതിന് ഫീസില്ല
- ഒരു കോടി രൂപ വരെയുള്ള പരാതികൾ ജില്ലാ കമ്മീഷനുകളിലും ഒരു കോടിക്കു മുകളിൽ 10 കോടി വരെയുള്ള പരാതികൾ സംസ്ഥാന കമ്മീഷനിലും സമർപ്പിക്കാം
- ജില്ലാ, സംസ്ഥാന കമ്മീഷനുകൾക്ക് സ്വന്തം വിധികൾ തന്നെ പുനഃപരിശോധിക്കാം
- മീഡിയേഷനിലൂടെയുള്ള തർക്കപരിഹാരങ്ങൾ നിയമപരമാക്കി
- ഡയറക്റ്റ് സെല്ലിംഗ്/ ഇ–കൊമേഴ്സ് വ്യാപാരങ്ങളും ഉപഭോക്തൃ നിയമപരിധിയിൽ
- തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കും മറ്റ് ഉപഭോക്തൃ ചൂഷണങ്ങൾക്കുമെതിരെ കേന്ദ്ര കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റി
- ഇന്ത്യയിലെവിടെ നിന്നും വാങ്ങിയ ഉല്പന്നമാണെങ്കിലും ഉപഭോക്താവിന്റെ സൗകര്യത്തിനനുസരിച്ചുള്ള ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കേസ് ഫയൽ ചെയ്യാം.




അന്യായങ്ങൾക്കെതിരെ
പരാതിപ്പെടൂ...
വിളിക്കൂ... (ടോൾഫ്രീ)
1800 425 1550
1967

www.consumeraffairs.nic.in www.civilsupplieskerala.gov.in www.consumeraffairs.kerala.gov.in www.confonet.nic.in

ഭക്ഷ്യ പൊതുവിതരണ
ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ്

# ജനപ്രിയ പ്രവർത്തനങ്ങളുടെ സഫലവർഷം

പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് ജനക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ മുൻപില്ലാത്തവിധം മുന്നേറ്റം നടത്തിയ ഒരു വർഷമായിരുന്നു കടന്നുപോയത്. ജനോപകാരപ്രദമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും അവ കാര്യക്ഷമമായും സുതാര്യമായും അഴിമതി രഹിതമായും നടപ്പിലാക്കുന്നതിലും ഒരു നവമാതൃക സൃഷ്ടിച്ചിരിക്കുകയാണ് ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ്. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റ് ഒരു വർഷം പൂർത്തിയാകുമ്പോൾ വകുപ്പ് കൈവരിച്ച നേട്ടങ്ങളുടെ നേർക്കാഴ്ചയിലേക്ക്.



# ജനകീയം സുഭദ്രം കേരളത്തിന്റെ ഭക്ഷ്യ ഭദ്രത

- ഓണക്കാലത്ത് എല്ലാ റേഷൻ കാർഡുടമകൾക്കും ഓണക്കിറ്റ് നൽകി
- ആദിവാസി ഊരുകളിൽ റേഷൻ വിഹിതം എത്തിക്കുവാൻ കൂടുതൽ സഞ്ചരിക്കുന്ന റേഷൻ കടകൾ
- റേഷൻ കടകൾ ഘട്ടം ഘട്ടമായി സ്മാർട്ടാകുന്നു... ഇനി മുതൽ കേരള സ്റ്റോർ (കെ- സ്റ്റോർ)
- നാലു പതിറ്റാണ്ടിനിപ്പുറം പരിഷ്കരിച്ച സിവിൽ സപ്ലൈസ് മാന്വൽ
- CFRD കോന്നിയിൽ താമസ സൗകര്യത്തോടു കൂടെയുള്ള പരിശീലന കേന്ദ്രം
- പ്രവർത്തനം കാര്യക്ഷമമാക്കി വിജിലൻസ് സമിതികൾ
- റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും 7.5 ലക്ഷം രൂപയുടെ സൗജന്യ ഇൻഷ്വറൻസ്
- ഫയൽ തീർപ്പാക്കൽ അദാലത്തുകൾ
- റേഷൻ കാർഡിലെ പിശകുകൾ തിരുത്തുന്നതിന് 'തെളിമ' പദ്ധതി
- വിശപ്പുരഹിത കേരളം ലക്ഷ്യമിട്ട് സുഭിക്ഷ ഹോട്ടലുകൾ
- ജനകീയ-സുഭിക്ഷ ഹോട്ടലുകൾക്ക് 10.90 രൂപ നിരക്കിൽ പ്രതിമാസം 600 കിലോ അരി
- പുതിയ റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, പെട്രോൾ ബങ്കുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ
- ATM കാർഡ് രൂപത്തിലുള്ള റേഷൻ കാർഡുകൾ
- അർഹതയുള്ളവരെ കണ്ടെത്തി മുൻഗണനാ കാർഡുകൾ നൽകി
- ശാസ്ത്രീയ ഗോഡൗണുകൾ
- പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണറേറ്റ്
- ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ മീഡിയേഷൻ സെല്ലുകൾ, ഇ-ഫയലിംഗ് സംവിധാനം, സൗജന്യ നിയമ സഹായ സെൽ
- തെർമോ മീറ്റർ, ഫ്ലോമീറ്റർ കാലിബറേഷൻ ലബോറട്ടറി
- മികച്ച പ്രവർത്തനവുമായി സംസ്ഥാന ഭക്ഷ്യകമ്മീഷൻ
- വജ്രജൂബിലി നിറവിൽ പൊതുവിതരണ വകുപ്പ്

# പൊതുവിതരണം

# രണ്ടര ലക്ഷത്തിൽപരം മുൻഗണനാ കാർഡുകൾ അർഹരുടെ കരങ്ങളിലേക്ക്

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അർഹതയില്ലാത്തവർ കൈവശം വച്ചിരിക്കുന്ന മുൻഗണനാകാർഡുകൾ പിഴയോ ശിക്ഷയോ ഇല്ലാതെ തിരിച്ചേൽപ്പിക്കാൻ സർക്കാർ നൽകിയ അവസരം പ്രയോജനപ്പെടുത്തി മുൻഗണനാകാർഡുകൾ അനർഹമായി കൈവശം വച്ചിരുന്നവർ അവ സ്വമേധയാ മടക്കി നൽകി. ഈ ഒഴിവുകളിലേക്ക് അർഹരായവരെ കണ്ടെത്തി 2,53,482 മുൻഗണനാ കാർഡുകൾ വിതരണം ചെയ്തു. മാരക രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം ബാധിച്ച കുട്ടികൾ എന്നിവരുൾപ്പെട്ട കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി.



# ആരും വിശക്കാത്ത കേരളത്തിനായി 51 സുഭിക്ഷ ഹോട്ടലുകൾ

വിശപ്പ് രഹിതം പദ്ധതിയുടെ ഭാഗമായി 51 സുഭിക്ഷ ഹോട്ടലുകൾ വിവിധ ജില്ലകളിലായി പ്രവർത്തനം ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മറ്റു സന്നദ്ധ സംഘടനകൾ, സപ്ലൈകോ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ 20 രൂപാ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന പദ്ധതിയാണിത്.

സുഭിക്ഷം








# ഫോൺ - ഇൻ- പരിപാടി

എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച പൊതുജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും കേൾക്കുന്നതിനും പരിഹാരം കാണുന്നതിനുമായി മന്ത്രിയുടെ ഫോൺ-ഇൻ-പരിപാടി നടത്തി വരുന്നു. ഓരോ മാസവും ലഭിക്കുന്ന പരാതികൾ അടുത്ത മാസത്തെ പരിപാടിയ്ക്ക് മുമ്പായി തീർപ്പാക്കി വരുന്നു.






# ഇ-സേവനങ്ങളിൽ മികവോടെ

ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പിൽ ഇതുവരെയായി E-Services സംബന്ധമായി ആകെ 26,03,450 ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. 99 ശതമാനം അപേക്ഷകളും തീർപ്പുകൽപ്പിച്ചു. ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പിന് ഇ- സർവീസ് അപേക്ഷകളുടെ തീർപ്പാക്കൽ നിരക്കിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് എത്തുവാൻ കഴിഞ്ഞു.

## 13 ഇനം അവശ്യസാധനങ്ങൾ 2016-ലെ വിലയിൽ




## എല്ലാവർക്കും റേഷൻ കാർഡ്

തെരുവിൽ കഴിയുന്ന മനുഷ്യർ, ഉടമസ്ഥൻ വാടകച്ചീട്ടോ, രസീതോ , കാർഡ് എടുക്കുന്നതിനാവശ്യമായ സമ്മതമോ ലഭിക്കാത്ത വാടകക്കാർ എന്നിവർക്കെല്ലാം ആധാർ കാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ റേഷൻ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചു.



# ഭക്ഷ്യ കിറ്റ്

കോവിഡ് പശ്ചാത്തലത്തിൽ 13 തവണകളിലായി 11.5 കോടി കിറ്റുകൾ വിതരണം ചെയ്തു. ഇതിനായി 5600 കോടി രൂപ സർക്കാർ ചെലവഴിച്ചു. 12 കിറ്റുകളിൽ വിതരണം ചെയ്തത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ്. ഈ സർക്കാരിന്റെ കാലയളവിൽ കഴിഞ്ഞ ഓണക്കാലത്താണ് ഒരു കിറ്റ് വിതരണം ചെയ്തത്. സംസ്ഥാനത്തെ കാർഷിക മേഖല, സഹകരണ മേഖല, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന തരത്തിലാണ് ഓണക്കാലത്തെ കിറ്റിലെ ഇനങ്ങൾ തീരുമാനിച്ചത്. ആദിവാസി ഊരുകൾ, സാമൂഹികനീതി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ, കന്യാസ്ത്രീമഠങ്ങൾ എന്നിവിടങ്ങളിൽ പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ കിറ്റുകൾ വാതിൽപ്പടിയായി വിതരണം നടത്തി.



ഓണക്കിറ്റ് വിതരണത്തിന്റെ
സംസ്ഥാനതല ഉദ്ഘാടനം ഇടപ്പഴഞ്ഞിയിൽ
ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി
**ജി.ആർ.അനിൽ** നിർവഹിക്കുന്നു.

## ഊരുകൾ തേടി സഞ്ചരിക്കുന്ന റേഷൻകടകൾ

സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ താമസിക്കുന്ന മുഴുവൻ ജനവിഭാഗത്തിനും റേഷൻകാർഡും റേഷൻവിഹിതവും എത്തിക്കുക എന്നാതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ നിരവധി ആദിവാസി ഊരുകൾ സന്ദർശിച്ച് താമസക്കാർക്ക് റേഷൻകാർഡും ഭക്ഷ്യധാന്യങ്ങളും നൽകുകയുണ്ടായി. ആദിവാസി ഊരുകളിൽ മൊബൈൽ റേഷൻവിതരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്തെ 60ഓളം ആദിവാസികോളനികളിൽ മൊബൈൽ റേഷൻ ഷോപ്പിന്റെ സേവനം നിലവിൽ ലഭ്യമാണ്.



## ട്രാൻസ്ജെന്റർ വിഭാഗത്തിന് കിറ്റും റേഷൻകാർഡും

ഒരു റേഷൻകാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജെന്റേഴ്സ് വിഭാഗത്തിൽപെട്ടവർക്ക് റേഷൻകാർഡും ഓണക്കിറ്റും നൽകുകയുണ്ടായി.



ട്രാൻസ്ജെൻഡർ റേഷൻകാർഡ് വിതരണവും ഭക്ഷ്യക്കിറ്റ് വിതരണവും മന്ത്രി **വി.ശിവൻകുട്ടി** ഉദ്ഘാടനം ചെയ്യുന്നു.
**-ദേശാഭിമാനി** ബുധൻ 18 ആഗസ്റ്റ് 2021

# കേരള സ്റ്റോർ (കെ-സ്റ്റോർ)

കേരളത്തിലെ മുഴുവൻ റേഷൻ ഷോപ്പുകളും ഘട്ടം ഘട്ടമായി സ്മാർട്ട് റേഷൻ കടകളാക്കുക എന്നതാണ് സർക്കാരിന്റെ നയം. റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലമാക്കി സ്മാർട്ട് കാർഡുകളുടെ സഹായത്തോടെ മിനിബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ചോട്ടു ഗ്യാസ് വിതരണം, മിൽമ ഉൽപന്നങ്ങൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ബ്രാന്റ് ഉൽപന്നങ്ങൾ എന്നിവ റേഷൻകടകളിൽ ലഭ്യമാക്കി കെ-സ്റ്റോറുകളാക്കി മാറ്റും. ഈ പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന റേഷൻകട ലൈസൻസികൾക്ക്, ബാങ്കുകളുടെ സഹായത്തോടെ, ഇൻഷുറൻസ് പദ്ധതിയും ഏർപ്പെടുത്തും.



## പരിഷ്കരിച്ച സിവിൽ സപ്ലൈസ് മാനുവൽ

നാല് പതിറ്റാണ്ട് പഴക്കമുള്ള സിവിൽ സപ്ലൈസ് മാന്വലാണ് വകുപ്പിൽ നിലവിലുള്ളത്. പുതിയ ഉപഭോക്തൃ സംരക്ഷണ നിയമം 2019, ദേശീയ ഭക്ഷ്യ ഭദ്രതാനിയമം 2013 എന്നീ നിയമങ്ങളുടെ പശ്ചാത്തലത്തിലാണ് മാന്വൽ (കരട്) പരിഷ്കരിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഒരു പോലെ ഫലപ്രദമാകുന്ന പ്രസ്തുത മാന്വലിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ സമഗ്രമായ ചരിത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട്.





## കോന്നിയിൽ ജീവനക്കാർക്ക് പരിശീലന കേന്ദ്രം

വകുപ്പിൽ നിലവിലുള്ളതും പുതുതായി നിലവിൽ വന്നതുമായ നിയമങ്ങളും, ചട്ടങ്ങളും, പ്രവർത്തനങ്ങളും സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് CFRD കോന്നിയിൽ, 60 പേർക്ക് താമസിച്ച് പരിശീലനം നേടുന്നതിനുള്ള, ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

# സംസ്ഥാനതല വിജിലൻസ് സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി

സംസ്ഥാനത്തെ സംസ്ഥാന – ജില്ലാ - താലൂക്ക് - റേഷൻകടതല വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. പുന:സംഘടിപ്പിച്ച സംസ്ഥാനതല സമിതിയുടെ ആദ്യ യോഗം ചേർന്ന് വിവിധ തലത്തിലുള്ള വിജിലൻസ് സമിതിയുടെ പ്രവർത്തനം വിലയിരുത്തി. ജില്ല – താലൂക്ക് - റേഷൻകടതല വിജിലൻസ് സമിതികൾ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.




# റേഷൻ വ്യാപാരികൾക്കും സെയിൽസ്മാനും സൗജന്യ ഇൻഷ്വറൻസ്

കോവിഡ് 19 വ്യാപനം നിലനിന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ വിതരണം ഉറപ്പാക്കുന്നതിന് മുന്നിൽ നിന്ന് പ്രവർത്തിച്ച എഫ്.പി.എസ് ഡീലർമാർക്കും സെയിൽസ്മാന്മാർക്കും ആളൊന്നിന് 1060 രൂപ പ്രീമിയം നിരക്കൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 7.5 ലക്ഷം രൂപയുടെ സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ സർക്കാർ നടപ്പിലാക്കി.

# ലൈസൻസി നിയമന യോഗ്യതയിൽ ഇളവ്

കോവിഡ് ബാധിച്ച് മരണപ്പെട്ട റേഷൻക വ്യാപാരികളുടെ അനന്തരാവകാശികൾക്ക് റേഷൻകട അനുവദിച്ച് കിട്ടുന്നതിന് SSLC പാസായിരിക്കണം എന്ന നിബന്ധനയിൽ ഇളവ് അനുവദിച്ചും സോൾവൻസി തുക ഒരുലക്ഷം രൂപയിൽ നിന്നും പതിനായിരം രൂപയായി കുറച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

# താൽകാലികമായി റദ്ദ് ചെയ്ത റേഷൻ കടകൾ സംബന്ധിച്ച ഫയലുകൾ തീർപ്പാക്കുന്ന അദാലത്ത്

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പല കാരണങ്ങളാൽ താൽലികമായി റദ്ദ് ചെയ്ത 750 ഓളം റേഷൻ കടകളുടെ ലൈസൻസ് പുന:സ്ഥാപിക്കുക / സ്ഥിരമായി റദ്ദ് ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ ജില്ലകളിലും അദാലത്ത് നടത്തുകയുണ്ടായി. 14 ജില്ലകളിലായി നടന്ന അദാലത്തിൽ 733 കേസുകൾ മന്ത്രിയുടെ സാനിദ്ധ്യത്തിൽ സിവിൽ സപ്ലൈസ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും 235 റേഷൻകടകൾ പുന:സ്ഥാപിച്ച് നൽകുകയും 172 റേഷൻകടകൾ സ്ഥിരമായി റദ്ദു ചെയ്യുകയും 308 റേഷൻകടകളുടെ ലൈസൻസിക്ക് ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് സമയം അനുവദിക്കുകയും 18 എണ്ണം അന്തിമ തീരുമാനത്തിനായി സിവിൽ സപ്ലൈസ് ഡയറക്ടറുടെ പരിഗണനയിലുമാണ്.




തെളിമ 2021

# തെളിമ പദ്ധതി

റേഷൻ കാർഡിലെ പിശകുകൾ തിരുത്തുന്നതിന് 'തെളിമ പദ്ധതി' 2021 നവംബർ 15 മുതൽ ഡിസംബർ 15 വരെ നടത്തി. എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ ഈ പദ്ധതി നടത്തുന്നതാണ്. ഈ കാലയളവിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ, മറ്റ് പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ സ്വീകരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ റേഷൻ ഡിപ്പോകളിലും Drop Box സ്ഥാപിക്കും.





## ജനകീയ – സുഭിക്ഷ ഹോട്ടലുകൾക്ക് സൗജന്യ നിരക്കിൽ അരി

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന ജനകീയ ഹോട്ടലുകൾക്കും പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന സുഭിക്ഷ ഹോട്ടലുകൾക്കും ഒരു മാസം 600 കിലോ അരി 10.90 രൂപ നിരക്കിൽ നൽകിവരുന്നു.

## 15 പുതിയ റേഷൻകടകൾ

സംസ്ഥാനത്തെ കാർഡുടമകൾക്ക് ഏറ്റവും സൗകര്യപ്രദമാകുന്ന വിധത്തിൽ ഭക്ഷ്യസാധനങ്ങൾ എത്തിച്ചുനൽകുക എന്നതാണ് സർക്കാർ നയം ഇതിനായി സംസ്ഥാനത്ത് 15 പുതിയ റേഷൻകടകൾ ആരംഭിച്ചു.



## പോക്കറ്റിൽ സൂക്ഷിക്കാവുന്ന റേഷൻ കാർഡ്

പോക്കറ്റിൽ സൂക്ഷിക്കാവുന്ന എ.ടി.എം കാർഡ് രൂപത്തിലുള്ള പി.വി.സി റേഷൻ കാർഡുകൾ വിതരണം ചെയ്തു.

## സ്ഥിരമായി റദ്ദു ചെയ്ത 599 റേഷൻകടകളിൽ പുതിയ ലൈസൻസി നിയമനം

സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ സ്ഥിരമായി റദ്ദുചെയ്തതും വർഷങ്ങളായി സമീപത്തെ റേഷൻകടയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിച്ചുവരുന്നതുമായ 599 റേഷൻകടകൾക്ക് പുതിയ ലൈസൻസികളെ കണ്ടെത്തുന്നതിനായി വിജ്ഞാപനം 2022 മെയ് 16 ന് പുറപ്പെടുവിച്ചു.




പുതിയ മാതൃകയിലുള്ള റേഷൻകാർഡുകളുടെ വിതരണോദ്ഘാടനം പ്രസ് ക്ലബ് ഫോർത്ത് എസ്റ്റേറ്റ് ഹാളിൽ ഭക്ഷ്യവകുപ്പ് മന്ത്രി അഡ്വ. **ജി.ആർ.അനിൽ,** ഗതാഗത മന്ത്രി അഡ്വ. **ആന്റണി രാജു** എന്നിവർ നിർവഹിക്കുന്നു.

# കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ച് ഡൽഹിയിൽ

സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിനായി നാല് തവണ കേന്ദ്ര മന്ത്രിമാരെ സന്ദർശിച്ചു. മുൻഗണന കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുക, പച്ചരി വിഹിതം വർദ്ധിപ്പിക്കുക, മണ്ണെണ്ണ വിഹിതം ഉയർത്തുക, ഗ്യാസ് സബ്സിഡി പുനഃസ്ഥാപിക്കുക, ജയ അരിയുടെ ലഭ്യത ഉറപ്പാക്കുക, വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നൽകേണ്ട വിഹിതം സമയബന്ധിതമായി നൽകുക എന്നീ ആവശ്യങ്ങൾ ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരെക്കണ്ട് ധരിപ്പിക്കാനും ചിലകാര്യങ്ങളിൽ പരിഹാരം കാണാനും കഴിഞ്ഞു.










# ജനപ്രിയ പ്രവർത്തനങ്ങളു സഫലവർഷം



മുഴുവൻ കാർഡ് ഉടമകൾക്കും

# പ്രത്യേക ഓണക്കിറ്റ്

റേഷൻ വ്യാപാരികൾക്കും വില്പനക്കാർക്കും ഇൻഷുറൻസ്

# നെൽകൃഷി സംരക്ഷണത്തിന് സർക്കാർ

# വിശപ്പിന്റെ വിളിയറിഞ്ഞ് ചടുല നടപടി

ഓണക്കിറ്റ് പാക്കിങ് കേന്ദ്രം മന്ത്രി ജി ആർ അനിൽ സന്ദർശിക്കുന്നു

## പാക്കിങ് കേന്ദ്രങ്ങൾ മന്ത്രി സന്ദർശിച്ചു

മാതൃഭൂമി

കോവിഡ് കാലം

## റേഷൻകടയിൽ എത്തിയവരുടെ എണ്ണം കൂടി

# നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പരാതികൾ അടിയന്തരമായി പരിഹരിക്കും: മന്ത്രി ജി ആർ

# ...രളത്തിലെ നെല്ല് സംഭരണം

# ...ൻ കാർഡുകൾ ഇ കാർഡുകളാക്കും: ... ജി ആർ അനിൽ

ആദിവാസി ഊരുകളിൽ ഇനി റേഷൻ നേരിട്ടെത്തും; സഞ്ചരിക്കുന്ന റേഷൻ കടയ്ക്ക് തുടക്കം

# അർഹതപ്പെട്ടവർക്ക് മുന്നിൽ റേഷൻ വിഹിതം എത്തണം: മന്ത്രി ജി ആർ അനിൽ

# ...ധനങ്ങൾ ഇനി ആദിവാസി ഊരുകളിൽ

മാസത്തിൽ രണ്ട്തവണ റേഷൻ വീട്ടിൽ

# സപ്ലൈകോ

## കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ




**SUPPLYCO**

# കർഷകന്റെ കരം പിടിച്ച് കേരള സർക്കാർ

സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം ഊർജ്ജിതമാക്കി. കഴിഞ്ഞ വർഷം (2020-21) 7.65 ലക്ഷം മെട്രിക്ക് ടൺ നെല്ല് കിലോയ്ക്ക് 27.48രൂപ നിരക്കിൽ സംഭരിച്ചു. 2021-22 വർഷത്തെ സംഭരണം പുരോഗമിച്ച് വരുന്നു. ഈ വർഷം ഇതുവരെ 6.59 ലക്ഷം മെട്രിക്ക് ടൺ നെല്ല് സംഭരിച്ചു. വേനൽമഴയെതുടർന്ന് നെല്ല് സംഭരിക്കുന്നതിന് മില്ലുടമകൾ കാണിച്ച വിമുഖത ചെറിയതോതിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ സമയോജിതമായ ഇടപെടലിലൂടെ പ്രശ്നങ്ങൾ ഉടൻതന്നെ പരിഹരിക്കുവാൻ കഴിഞ്ഞു. 28 രൂപയ്ക്കാണ് 2021-22 വർഷത്തെ നെല്ല് സംഭരണം നടക്കുന്നത്. അടുത്ത സംഭരണ വർഷം മുതൽ 28.20 രൂപയ്ക്ക് നെല്ല് സംഭരണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.



# വിപണിയിലെ ഇടപെടൽ- ഉൽസവകാലങ്ങളിലെ സ്പെഷ്യൽ മാർക്കറ്റുകൾ

ഓണം, ക്രിസ്മസ്, വിഷു, റംസാൻ തുടങ്ങിയ ഉൽസവകാലങ്ങളിൽ വിപണിയിൽ സർക്കാരിന്റെ ഇടപെടൽ കാര്യക്ഷമമാക്കിക്കൊണ്ട് സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ആവശ്യവസ്തുക്കൾ വിതരണം ചെയ്തു.








## പുതിയ 2 സപ്ലൈകോ പെട്രോൾ ബങ്കുകൾ

പത്തനംതിട്ട ജില്ലയിലെ തിരുവല്ല, വയനാട് ജില്ലയിലെ മാനന്തവാടി എന്നിവിടങ്ങളിൽ പുതിയ പെട്രോൾ ബങ്കുകളുടെ നിർമ്മാണം ആരംഭിച്ചു.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മൊബൈൽ മാവേലി സ്റ്റോറുകൾ

സംസ്ഥാനത്ത് വിലക്കയറ്റത്തെ പ്രതിരോധിക്കാൻ വിപണി ഇടപെടൽ ശക്തമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ മൊബൈൽ വിൽപ്പനശാലകൾ സംസ്ഥാനത്തെ 14 ജില്ലകളിലെ 700 കേന്ദ്രങ്ങളിൽ എത്തി നവംബർ 30 മുതൽ ഡിസംബർ 9 വരെയുള്ള 10 ദിവസങ്ങളിലായി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്തു.



# പൊതുവിതരണ വാഹനങ്ങളിൽ ജി.പി.എസ്

വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങൾ കൃത്യമായി ട്രാക്ക് ചെയ്ത് ഭക്ഷ്യ ധാന്യ വിതരണം സുതാര്യമാക്കുന്നതിനായി GPS ട്രാക്കിംഗ് സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിൽ പദ്ധതി നടപ്പിലാക്കി.







# ശാസ്ത്രീയ ഗോഡൗൺ

നിലവിൽ സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ സൂക്ഷിച്ചുവരുന്ന ഗോഡൗണുകൾ മിക്കതും അശാസ്ത്രീയമായി നിർമ്മിച്ചവയാണ്. അശാസ്ത്രീയമായി നിർമ്മിച്ച ഗോഡൗണുകളിൽ സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കേടുവരുന്നതിനുള്ള സാധ്യത കൂടുതലാണ്. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനായി, സംസ്ഥാനത്തെ 83 റേഷനിംഗ് താലൂക്കിലും ഉചിതമായ സ്ഥലം കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി പതിനഞ്ചോളം താലൂക്കുകളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സർക്കാരിന് സ്ഥലം കണ്ടെത്താൻ കഴിയാത്ത ഇടങ്ങളിൽ BOT അടിസ്ഥാനത്തിൽ ഗോഡൗൺ നിർമ്മിക്കാനുള്ള നടപടികളാവും സ്വീകരിക്കുക. പയ്യന്നൂർ, കോന്നി എന്നീ താലൂക്കുകളിൽ ശാസ്ത്രിയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള തറക്കല്ലിടൽ നടത്തി.

# സപ്ലൈകോ സമ്പൂർണ്ണ ഡിജിറ്റലൈസേഷന്റെ പാതയിൽ

സപ്ലൈകോയിൽ ERP (Enterprise Resource Planning) സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. സ്റ്റോക്ക്, പർച്ചേസ്, സെയിൽസ് എന്നിവ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ ഡാഷ്ബോർഡിലൂടെ ലഭ്യമാക്കി കേന്ദ്രീകൃത നിരീക്ഷണം സാധ്യമാക്കും.

'സപ്ലൈ കേരള' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി സപ്ലൈകോയിൽ ഓൺലൈൻ ഹോംഡെലിവറി സംവിധാനം ഏർപ്പെടുത്തി. സംസ്ഥാനത്തെ സപ്ലൈകോ ഔട്ട് ലെറ്റുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്ന 'ട്രാക്ക് സപ്ലൈകോ', സപ്ലൈകോ ഔട്ട്ലെറ്റിൽ നിന്നും ഉപഭോക്താവിന് ലഭിക്കുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തി സപ്ലൈകോ അധികാരികളെ അറിയിക്കുന്നതിന് 'ഫീഡ്ബാക് സപ്ലൈകോ' എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തി.



സപ്ലൈകോ പുറത്തിറക്കിയ 'ട്രാക്ക് സപ്ലൈകോ', ഫീഡ് സപ്ലൈ കോ എന്നീ മൊബൈൽ ആപ്പുകളുടെ ഉദ്ഘാടനം ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി **ജി.ആർ.അനിൽ** നിർവഹിക്കുന്നു.

# പുതിയതും നവീകരിച്ചതുമായ 58 സപ്ലൈകോ വിൽപ്പനശാലകൾ

ഒരു വർഷകാലയളവിൽ പുതിയതും നവീകരിച്ചതുമായ 58 സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിച്ചു. 3 പുതിയ സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു. നിലവിലുള്ള മെഡിക്കൽ സ്റ്റോറുകൾ നവീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കി വിറ്റുവരവ് 70 കോടിയിൽ നിന്നും 85 കോടിയായി വർദ്ധിപ്പിച്ചു.



# ഉപഭോക്തൃകാര്യം



നവീകരിച്ച ബോധവത്കരണ ട്രെയിനിംഗ് വാഹനം
ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി
**ജി.ആർ.അനിൽ** ഫ്ളാഗ് ഓഫ് ചെയ്യുന്നു

# ഉപഭോക്തൃകാര്യം

- പൊതുവിതരണ ഡയറക്ടറേറ്റിനെ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റ് എന്ന് പുനഃർനാമകരണം ചെയ്തു.

- ദേശീയ അന്താരാഷ്ട്ര ഉപഭോക്തൃദിനങ്ങളായ ഡിസംബർ 24നും മാർച്ച് 15നും വിപുലമായ പങ്കാളിത്തത്തോടെയുള്ള ബോധവത്കരണ പരിപാടികൾ. മൂവായിരത്തിലധികം വരുന്ന നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളിലുടെയും അവരുടെ ദത്ത് ഗ്രാമങ്ങളിലൂടെയും വിദ്യാർത്ഥികൾക്കും ബഹുജനങ്ങൾക്കും ഉപഭോക്തൃ അവകാശ വിദ്യാഭ്യാസം.

സംസ്ഥാനത്ത് ആദ്യമായി ഹരിത ഉപഭോക്തൃദിനാചരണം സംഘടിപ്പിച്ചു. ഉപഭോക്തൃബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഒരു അനിമേഷൻ വീഡിയോ അടക്കം നാലു പരസ്യവീഡിയോകൾ പുറത്തിറക്കി.






ലോക ഉപഭോക്തൃ അവകാശ ദിനത്തിന്റെ
സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി
**പിണറായി വിജയൻ** നിർവഹിക്കുന്നു.

# ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ സൗജന്യ നിയമസഹായ സെൽ

സംസ്ഥാനത്തെ എല്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും സൗജന്യ നിയമസഹായം നൽകുന്നതിനുള്ള ഹെൽപ്പ്ഡസ്ക്ക് സ്ഥാപിച്ചു.

# ഇ - ദാഖിൽ

സംസ്ഥാനത്തെ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിൽ ഓൺലൈനായി പരാതി സമർപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി. നവീകരിച്ച ബോധവൽക്കരണ ട്രെയിനിംഗ് വാഹനം ഫ്ളാഗ് ഓഫ് ചെയ്തു.

# ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ മീഡിയേഷൻ സെല്ലുകൾ

ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള പരാതികളിൻമേൽ വേഗത്തിൽ പരിഹാരം കാണുന്നതിനായി മീഡിയേഷൻ സെല്ലുകൾ ആരംഭിച്ചു.



# ലീഗൽ മെട്രോളജി



# തെർമ്മോമീറ്റർ, ഫ്ലോമീറ്റർ കാലിബറേഷൻ ലബോറട്ടറി

എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ നിർമ്മിച്ച തെർമ്മോമീറ്റർ കാലിബറേഷൻ ലബോറട്ടറി, ഫ്ലോമീറ്റർ കാലിബറേഷൻ ലബോറട്ടറി എന്നിവ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പിനു കീഴിലുള്ള എല്ലാ ജില്ലാ ഓഫീസുകളും സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റുക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ഓഫീസ് കെട്ടിടം/ ലബോറട്ടറി കോംപ്ലക്സ് തറക്കല്ലിടൽ 2022 മെയ് 11 നും വയനാട് ജില്ലയിൽ ഓഫീസ് കെട്ടിടം/ ലബോറട്ടറി കോംപ്ലക്സ് തറക്കല്ലിടൽ 2022 മാർച്ച് 24നും നിർവ്വഹിച്ചു. കോട്ടയം, കാസർഗോഡ് ജില്ലകളിലെ ലീഗൽ മെട്രോളജി ജില്ലാ ഓഫീസുകളുടെ നിർമ്മാണപ്രവർത്തനം നടന്നു വരുന്നു.

# അളവ് തൂക്ക ഉപകരണങ്ങളുടെ പുന:പരിശോധന അദാലത്ത്

കോവിഡ് മൂലവും മറ്റ് കാരണങ്ങളാലും പുന:പരിശോധന കുടുശ്ശികയായിപ്പോയ അളവ് തൂക്ക ഉപകരണങ്ങളുടെ രാജി ഫീസ് 2000-ൽ നിന്നും 500 രൂപയായി കുറച്ചുകൊണ്ടും ഓരോ ക്വാർട്ടറിനുമുള്ള അധികഫീസ് പരമാവധി 6 ക്വാർട്ടർ ആയി പരിമിതപ്പെടുത്തിക്കൊണ്ടും മുദ്ര ചെയ്ത് ക്രമീകരിക്കുന്നതിനു വേണ്ടിയുള്ള അദാലത്ത് നടത്തി. ആയിരക്കണക്കിന് ചെറുകിട വ്യാപാരികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

# ലീഗൽ മെട്രോളജി വകുപ്പിൽ ഇ-ഓഫീസ് സംവിധാനം

ലീഗൽ മെട്രോളജി വകുപ്പ് ആസ്ഥാന കാര്യാലയത്തിലും ജോയിന്റ് കൺട്രോളർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.

# ഓപ്പറേഷൻ 'ക്ഷമത'യും 'ജാഗ്രത' യും

2022 മാർച്ച് 15 മുതൽ മെയ് 20 വരെ രണ്ട് തീവ്രപരിശോധനാ പരിപാടികൾ സംഘടിപ്പിച്ചു.

സംസ്ഥാനത്തെ പെട്രോൾ-ഡീസൽ ബങ്കുകളിൽ അളവുപരമായ ക്രമക്കേടുകൾ ഉണ്ടോ എന്നറിയാൽ 'ക്ഷമത' എന്ന പേരിൽ ആയിരം ബങ്കുകൾ പരിശോധിച്ചു. 46 ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിച്ചു.

- സംസ്ഥാനത്തെ വിവിധ വ്യാപാരസ്ഥാപനങ്ങളിൽ വിലനിലവാര ബോർഡ് പ്രദർശിപ്പിക്കാതിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ല് നൽകാതിരിക്കൽ, അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യാതിരിക്കൽ, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ, നിയമപ്രകാരമുള്ള സാക്ഷ്യപത്രം സൂക്ഷിക്കാതിരിക്കൽ എന്നിങ്ങനെയുള്ള ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി 'ജാഗ്രത' എന്ന പേരിൽ സിവിൽ സപ്ലൈസ് - ലീഗൽ മെട്രോളജി വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി. സംസ്ഥാനത്ത് അരലക്ഷം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തു.



# ഭക്ഷ്യ കമ്മീഷൻ

# മാതൃക പ്രവർത്തനവുമായി ഭക്ഷ്യ കമ്മീഷൻ

ഗോത്രവർഗ വിഭാഗങ്ങൾക്ക് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മിഷൻ ഭാസുര എന്ന പദ്ധതി നടപ്പിലാക്കി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ആദിവാസി ഊരുകൾ സന്ദർശിച്ച് പരിശോധനകൾ നടത്തിവരുന്നു. ഭക്ഷണം ഔദാര്യമല്ല അവകാശമാണ് എന്ന ആശയം ഉയർത്തിയാണ് ഗോത്ര വർഗങ്ങൾക്കായി ഭാസുര എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയത്.






# പൊതുവിതരണ വകുപ്പ് വജ്ര ജൂബിലി നിറവിൽ

സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പ് രൂപീകൃതമായിട്ട് 2022 മെയ് 28ന് 60 വർഷം പൂർത്തിയാകും. പൊതുവിതരണ വകുപ്പ് കേരളത്തെ അന്നമൂട്ടിയ അറുപത് വർഷങ്ങളാണ് ക്ഷാമരഹിതമായി കടന്നു പോകുന്നത്. എക്കാലത്തും വറുതി സമയങ്ങളിൽ ജനങ്ങൾക്ക് അത്താണിയായി നിന്ന ഭക്ഷ്യ- പൊതുവിതരണ വകുപ്പ് ജനക്ഷേമ പരിപാടികൾക്കായി പുതിയ സാധ്യതകൾ തേടുന്ന കാലം കൂടിയാണിത്. ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും നിറവേറ്റിയതും നിറവേറ്റാനുദ്ദേശിക്കുന്നതുമായ കർത്തവ്യങ്ങൾ പൊതുസമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിനും വകുപ്പിന്റെ നേട്ടങ്ങളും കോട്ടങ്ങളും ചർച്ച ചെയ്തു പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈ വജ്രജൂബിലി കാലഘട്ടം വകുപ്പ് ഉപയോഗപ്പെടുത്തും.

എക്കാലത്തും ഭക്ഷ്യോൽപാദനരംഗത്ത് വളരെ പുറകിലായിരുന്ന കേരളത്തിന്റെ ഭക്ഷ്യഭദ്രത നിർണയിക്കുന്നതിലും ഉറപ്പാക്കുന്നതിലും പൊതുവിതരണ സംവിധാനം വഹിച്ച പങ്ക് തുലനം ചെയ്യാൻ കഴിയുന്നതിനുമപ്പുറമാണ്. പഴയ കേരളത്തിൽ പതിവായി ആവർത്തിക്കപ്പെട്ടുകൊണ്ടിരുന്ന പട്ടിണിയും ക്ഷാമവും ഐക്യകേരളത്തിൽ സംഭവിക്കാതെ പോയത് നമ്മുടെ പൊതുവിതരണ സംവിധാനത്തിന്റെ മികവുകൊണ്ടാണ്. മെച്ചപ്പെട്ട സാമൂഹിക സാമ്പത്തിക ഘടകങ്ങൾ ഉണ്ടായിട്ടും നമ്മൾ ഭക്ഷ്യ ഉല്പാദനത്തിൽ പിന്നിലായിപ്പോയതുകൊണ്ടുണ്ടായ പ്രതിസന്ധി ഘട്ടങ്ങളിൽ താങ്ങായി നിന്നത് പൊതുവിതരണ സംവിധാനമാണ്.

# സാർത്ഥകമായ രണ്ടാം 100 ദിനം



ഈ സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയിൽ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട് 30 പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നത്. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 21 പദ്ധതികളും ലീഗൽ മെട്രോളജി വകുപ്പിന്റെ 9 പദ്ധതികളും. ലീഗൽ മെട്രോളജി വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച എല്ലാ പദ്ധതികളും പൂർത്തിയായിട്ടുണ്ട്. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 21 പദ്ധതികളിൽ 19 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.

അർഹരായവരെ കണ്ടെത്തി മുൻഗണന കാർഡ് നൽകുക, വിശപ്പ് രഹിത കേരളം യാഥാർത്ഥ്യമാക്കുന്നതിനായി 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന സുഭിക്ഷ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുക, ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുക, വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുക, സ്ഥിര ലൈസൻസി ഇല്ലാത്ത റേഷൻകടകളിൽ ലൈസൻസികളെ നിയമിക്കുക, പുതിയതും നവീകരിച്ചതുമായ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുക, ഉപഭോക്തൃകാര്യ - ലീഗൽ മെട്രോളജി വകുപ്പുകളുടെ ശാക്തീകരിക്കുക, ഉപഭോക്തൃതർക്ക പരിഹാര കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, സപ്ലൈകോയുടെ പ്രവർത്തനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ആധുനിക വൽകരിക്കുക – എന്നി പദ്ധതികളാണ് 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ളത്.

# ഒരു രാജ്യം ഒരു റേഷൻകാർഡ്

## ഇന്ത്യയിൽ എവിടെ നിന്നുള്ള വ്യക്തിക്കും ഈ റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാം




FORTIFIED
SAMPOORNA POSHAN
SWASTH JEEVAN

**PHH, AAY
കാർഡുടമകൾക്ക്
മാത്രം ആധാർ,
റേഷൻ കാർഡ് നമ്പർ മതി**

കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ്